# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 10.07.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പ്രബുദ്ധമായ ഒരു സംസ്കാരത്തിൽ അധിഷ്ഠിതമായ രാജ്യമാണ് ഇന്ത്യയെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ.

   Vice President Jagdeep Dhankhar said that India is a nation founded on an enlightened culture.

2. അഞ്ചു രാജ്യങ്ങളിലെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂഡൽഹിയിൽ തിരിച്ചെത്തി.

   PM Modi concludes his successful 5-nation visit to Ghana, Trinidad & Tobago, Argentina, Brazil, Namibia.

3. കേരള സന്ദർശനത്തിനായി കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ നാളെ തിരുവനന്തപുരത്ത് എത്തും.

   Union Home Minister Amit Shah will arrive in Thiruvananthapuram tomorrow for Kerala visit.

4. ആഗോളതലത്തിൽ ഇന്ത്യയെ കായിക ശക്തികേന്ദ്രമാക്കുകയാണ് പുതിയ കായിക നയത്തിന്റെ ലക്ഷ്യമെന്ന് കേന്ദ്ര സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ.

   The aim of the new sports policy is to make India a global sporting powerhouse, said Union Minister of State Raksha Nikhil Khadse.

5. ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് ഇന്ന് വെസ്റ്റ്മിൻസ്റ്ററിൽ തുടക്കം. വിംബിൾഡൺ ടെന്നിസ് വനിതാ സെമിഫൈനൽ മത്സരങ്ങൾ ഇന്ന് ആരംഭിക്കും.

The third match of the India-England Test cricket series begins today at Westminster. And in Wimbledon Tennis, women's semi-final matches will begin today.

**********

## VICE PRESIDENT JNU (INTRO)

ഇന്ത്യ കേവലം രാഷ്ട്രീയത്തിൽ അധിഷ്ഠിതമല്ലെന്നും പ്രബുദ്ധമായ ഒരു സംസ്കാരം രാജ്യത്തിനുണ്ടെന്നും ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ. ജെഎൻയു-വിൻറെ 'ഇന്ത്യൻ വിജ്ഞാന വ്യവസ്ഥകൾ' എന്ന വിഷയത്തിലുള്ള ഒന്നാം വാർഷിക അക്കാദമിക് സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകത്തിന് തന്നെ അറിവിൻറെ പാഠം പകർന്നു നൽകാൻ ഇന്ത്യയ്ക്ക് സാധിച്ചതായും പ്രാചീന സർവകലാശാലകൾ അറിവിൻറെ കേന്ദ്രങ്ങളായിരുന്നെന്നും ഉപരാഷ്ട്രപതി പറഞ്ഞു.

(ഹോൾഡ് വോയ്സ്.....)

**********

## PM RETURN

അഞ്ചു രാജ്യങ്ങളിലെ സന്ദർശനം പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ന്യൂ ഡൽഹിയിൽ തിരിച്ചെത്തി. ഘാന, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, അർജൻറീന, ബ്രസിൽ നമീബിയ എന്നീ രാജ്യങ്ങളാണ് പ്രധാനമന്ത്രി സന്ദർശിച്ചത്. ഈ രാജ്യങ്ങളും ഇന്ത്യയുമായുള്ള ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് വിവിധ രാഷ്ട്ര തലവന്മാരുമായി ശ്രീ നരേന്ദ്രമോദി ആശയവിനിമയം നടത്തി. റിയോ ഡി ജനീറോയിൽ നടന്ന ബ്രിക്സ് ഉച്ചകോടിയിലും അദ്ദേഹം പങ്കെടുത്തു.

**********

## AMIT SHAH-Kerala

ബിജെപി മുതിർന്ന നേതാവും കേന്ദ്ര മന്ത്രിയുമായ അമിത് ഷാ നാളെ തിരുവനന്തപുരത്ത് എത്തും. മറ്റന്നാൾ ബിജെപിയുടെ പുതിയ സംസ്ഥാന കാര്യാലയം അദ്ദേഹം ഉദ്ഘാടനം

ചെയ്യും. പുത്തരിക്കണ്ടം മൈതാനത്ത് തെക്കൻ ജില്ലകളിലെ ബൂത്ത് ലെവൽ നേതാക്കളെ അഭിസംബോധന ചെയ്യുന്ന അദ്ദേഹം, ബിജെപി സംസ്ഥാന നേതൃയോഗത്തിലും പങ്കെടുക്കും. കണ്ണൂർ തളിപ്പറമ്പിൽ ശ്രീ രാജരാജേശ്വര ക്ഷേത്രത്തിലും കേന്ദ്ര മന്ത്രി ദർശനം നടത്തും.

**********

## LNCPE – MOS NIKHIL KHADSE

രാജ്യത്തെ ശരിയായ ദിശയിൽ മുന്നോട്ട് നയിക്കാൻ കായിക രംഗത്തിന് സാധിക്കുമെന്ന് കേന്ദ്ര കായിക സഹമന്ത്രി രക്ഷാ നിഖിൽ ഖഡ്സെ. തിരുവനന്തപുരം കാര്യവട്ടം LNCPE യിലെ പുതിയ മെഡിക്കൽ സെന്ററിൻ്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു കേന്ദ്രമന്ത്രി. പുതിയ കായിക നയത്തിലൂടെ ആഗോളതലത്തിൽ ഇന്ത്യയെ കായിക ശക്തി കേന്ദ്രമാക്കുകയാണ് ലക്ഷ്യം. യുവജനതയെ ലഹരി, മാനസിക പ്രശ്നങ്ങൾ എന്നിവയിൽ നിന്ന് രക്ഷപ്പെടുത്തുന്നതിന് കായികമേഖലയ്ക്ക് സാധിക്കുമെന്നും ശ്രീമതി രക്ഷാ നിഖിൽ ഖഡ്സെ പറഞ്ഞു. മികച്ച കായികതാരങ്ങൾ, പരിശീലകർ തുടങ്ങിയവരെ ചടങ്ങിൽ ആദരിച്ചു.

**********

## RAILWAY – JOBS

നടപ്പു സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടെ 50,000-ത്തിലധികം ജോലികൾ വാഗ്ദാനം ചെയ്യുമെന്ന് ഇന്ത്യൻ റെയിൽവേ. ആദ്യ പാദത്തിൽ ഇതുവരെ 9,000-ത്തിലധികം നിയമനങ്ങൾ നടത്തി. 2024 മുതൽ ഇതുവരെ 1.08 ലക്ഷം ഒഴിവുകൾക്കായി 1.86 കോടിയിലധികം ഉദ്യോഗാർത്ഥികളാണ് കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷകൾ എഴുതിയത് .ഇലക്ട്രോണിക് ഉപകരണങ്ങൾ വഴിയുള്ള തട്ടിപ്പ് തടയുന്നതിന് എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും 100% ഇലക്ട്രോണിക് ജാമറുകൾ വിന്യസിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കി.

**********

## AMIT SHAH-EZC MEETING

കിഴക്കൻ സംസ്ഥാനങ്ങളുടെ പ്രാദേശിക കൗൺസിലിന്റെ 27-ാമത് യോഗം ഇന്ന് റാഞ്ചിയിൽ നടക്കും. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ജാർഖണ്ഡ്, ബിഹാർ, ഒഡീഷ, പശ്ചിമ ബംഗാൾ എന്നീ നാല് കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള 70 പ്രതിനിധികൾ പങ്കെടുക്കും. അന്തർ സംസ്ഥാന

പ്രശ്നങ്ങൾ, കേന്ദ്രത്തിൽ നിന്നുള്ള കുടിശ്ശിക, തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

**********

## JITENDRA-GRIEVANCES

ജനങ്ങളുടെ പരാതികൾ കൈകാര്യം ചെയ്യുന്നതിൽ അടിസ്ഥാനപരമായ മാറ്റം കൊണ്ടുവരേണ്ടത് അനിവാര്യമെന്ന് കേന്ദ്ര സഹമന്ത്രി ജിതേന്ദ്രസിംഗ്. പരാതികാരുടെ സംതൃപ്തി ഉറപ്പാക്കാൻ പരാതി പരിഹാര സെല്ലുകൾ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണണെന്ന് അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിൽ ഒരു ദേശീയ ശില്പശാലയെ അഭിസംബോധന ചെയ്യുകയായിരുന്നു ശ്രീ. ജിതേന്ദ്രസിംഗ്.

**********

## PRADHAN - IIT

രാജ്യത്തിന്റെ ഊർജ ആവശ്യങ്ങൾ നിറവേറ്റുന്നതിന് അക്കാദമിക അറിവുകളും പ്രാവർത്തിക രീതികളും സംയോജിപ്പിച്ചുള്ള തന്ത്രം രൂപപ്പെടുത്തേണ്ടത് അനിവാര്യമാണെന്ന് കേന്ദ്രമന്ത്രി ധർമ്മേന്ദ്ര പ്രധാൻ. ഡൽഹി ഐ ഐ റ്റി സംഘടിപ്പിച്ച ദേശീയ ശില്പശാലയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. 2070 ഓടെ നെറ്റ് സീറോ കാർബൺ എന്ന ലക്ഷ്യം കൈവരിക്കാനുള്ള ശ്രമത്തിലാണ് ഇന്ത്യയെന്നും അദ്ദേഹം വ്യക്തമാക്കി.

**********

## ED-BENGALURU

കർണാടക എംഎൽഎ എസ് എൻ സുബ്ബ റെഡ്ഡിയും കുടുംബാംഗങ്ങളും കൈവശം വച്ചിരിക്കുന്ന വെളിപ്പെടുത്താത്ത വിദേശ സ്വത്തുക്കളെക്കുറിച്ചുള്ള ആരോപണങ്ങളുമായി ബന്ധപ്പെട്ട് ബെംഗളൂരുവിലെ അഞ്ച് സ്ഥലങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് റെയ്ഡ് നടത്തി. കുറ്റാരോപിതരുടെ വീട്, വ്യാപാര സ്ഥാപനങ്ങൾ എന്നിവിടങ്ങളിലാണ് റെയ്ഡ്.

**********

## National Fishermen Day

ഇന്ന് ദേശീയ മത്സ്യകർഷക ദിനം. ഇതോടനുബന്ധിച്ച് കേരളത്തിലെ മത്സ്യകൃഷി രംഗത്ത് മികച്ച പ്രകടനം കാഴ്ചവെച്ച കർഷകർക്കും സ്ഥാപനങ്ങൾക്കും , 'ശുചിത്വ സാഗരം സുന്ദര തീരം' പദ്ധതിയിൽ മികച്ച പ്രവർത്തനം നടത്തിയ ജില്ലയ്ക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുമുള്ള പുരസ്കാരങ്ങൾ നൽകും.

**********

## NIPAH – KERALA

പാലക്കാട് ജില്ലയിലെ നിഷ പ്രധിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തച്ചനാട്ടുകര കിഴക്കുമ്പുറത്ത് കേന്ദ്ര സംഘം പരിശോധന നടത്തി. സെപ്റ്റംബർ മാസം വരെ നിപ കലണ്ടർ പ്രകാരമുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമായി തുടരാനാണ് ആരോഗ്യവകുപ്പിന്റെ നിർദ്ദേശം.

പൂനെ നാഷണൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഐ.സി.എം.ആർ എന്നിവിടങ്ങളിൽ നിന്നുള്ള സംഘമാണ് പ്രദേശത്ത് പരിശോധന നടത്തുന്നത്. രോഗ ഉറവിടം കണ്ടെത്തുന്നതിനായി പ്രദേശത്തെ വവ്വാലുകളുടെ സ്രവം രക്തം എന്നിവ പരിശോധനയ്ക്ക് എടുക്കും.

**********

## STATE-CABINET

കേരളത്തിൽ, കോട്ടയം മെഡിക്കൽ കോളേജ് കെട്ടിടത്തിലെ ഒരു ഭാഗം ഇടിഞ്ഞുവീണ് മരിച്ച ബിന്ദു വിശ്രുതൻറെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് 10 ലക്ഷം രൂപ ധനസഹായം അനുവദിക്കാൻ സംസ്ഥാന മന്ത്രിസഭായോഗം തീരുമാനിച്ചു. ബിന്ദുവിൻറെ മകൻ നവനീതിന് ഉചിതമായ ജോലി നൽകാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിനോട് ശുപാർശ ചെയ്യും.

**********

## DAY SITHARAMAN-NBFC (INTRO)

ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനങ്ങൾ വായ്പകൾ തിരിച്ചു പിടിക്കുന്നത് ന്യായമായ രീതിയിലും സഹാനുഭൂതിയോടെയും കൂടി ആകണമെന്ന് കേന്ദ്ര ധനമന്ത്രി നിർമ്മലാ സീതാരാമൻ. ആർബിഐ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുകയും വേണമെന്ന് ന്യൂഡൽഹിയിൽ NBFC സിമ്പോസിയം 2025-നെ അഭിസംബോധന ചെയ്യവെ മന്ത്രി പറഞ്ഞു.

(Hold -Voice)

വായ്പകൾ വ്യക്തികളിൽ അടിച്ചേൽപ്പിക്കരുതെന്നും പലിശ നിരക്കുകൾ ന്യായമായിരിക്കണമെന്നും ശ്രീമതി നിർമ്മല സീതാരാമൻ അഭിപ്രായപ്പെട്ടു.

**********

## WIMBLEDON

വിംബിൾഡൺ ടെന്നിസിൽ ഇന്ന് വനിതാ സെമിഫൈനൽ മത്സരങ്ങൾ നടക്കും. അരീന സബലെങ്ക - അമാൻഡ അൻസിമോവയെയും ഇഗാ സ്വെടെക് - ബെലിന്ദ ബെൻസിക്കിനെയും സെമി

ഫൈനലിൽ നേരിടും.

പുരുഷ വിഭാഗം സെമിയിൽ നോവാക് ജോകോവിച്ചും ലോക ഒന്നാം നമ്പർ താരം യാനിക് സിന്നറും നാളെ ഏറ്റുമുട്ടും. രണ്ടാം സെമിയിൽ ടെയ്‌ലർ ഫ്രിട്സാണ് കാർലോസ് അൽകാരസിൻറെ എതിരാളി.

**********

## IND VS ENG TEST CRIC

ഇന്ത്യ- ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ മൂന്നാം മത്സരത്തിന് ഇന്ന് വെസ്റ്റ്മിൻസ്റ്ററിൽ തുടക്കമാകും. ലോർഡ്സ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ ഇന്ത്യൻ സമയം വൈകുന്നേരം 3.30 നാണ് മത്സരം. ഇരുടീമുകളും പരമ്പരയിലെ ഓരോ മത്സരങ്ങൾ വീതം വിജയിച്ചിട്ടുണ്ട്. ഈ മാസം 24 നാണ് നാലാം മത്സരം.

**********

## VS

മുൻ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻറെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നതായി മെഡിക്കൽ ബുള്ളറ്റിൻ. തിരുവനന്തപുരത്ത് സ്വകാര്യ ആശുപത്രിയിലെ തീവ്ര പരിചരണ വിഭാഗത്തിലാണ് അദ്ദേഹം ചികിത്സയിലുള്ളത്.

**********

## PIB – MEDIA SEMINAR

പ്രാദേശിക മാധ്യമ പ്രവർത്തകർക്കായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള കൊച്ചി പ്രസ് ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിക്കുന്ന മാധ്യമ ശിൽപശാല കണ്ണൂർ തളിപ്പറമ്പിൽ ആരംഭിച്ചു. പിഐബി, കേരള-ലക്ഷദ്വീപ് മേഖല അഡീഷണൽ ഡയറക്ടർ ജനറൽ വി. പളനിച്ചാമി ശിൽപ്പശാല ഉദ്ഘാടനം ചെയ്തു. പദ്മശ്രീ പുരസ്കാര ജേതാവ് ഇ.പി.നാരായണൻ പെരുവണ്ണാൻ, മുതിർന്ന മാധ്യമ പ്രവർത്തകനായ വി ബി പരമേശ്വരൻ എന്നിവരെ ആദരിച്ചു.

**********

## Sabarimala

ശബരിമല ക്ഷേത്രനട നാളെ തുറക്കും. പുതിയ നവഗ്രഹ ശ്രീകോവിലിൽ പ്രതിഷ്ഠയോടനുബന്ധിച്ചുള്ള പ്രത്യേക പൂജകൾ ഈ മാസം 12 നും, 13ന് പ്രതിഷ്ഠാ കർമ്മവും നടക്കും. മാളികപ്പുറത്തിന് സമീപമാണ് പുതിയ നവഗ്രഹ ശ്രീകോവിൽ നിർമ്മിക്കുന്നത്.

**********

## J – K-AMARNATH YATRA

അമർനാഥ് തീർത്ഥാടനത്തിനായി ഏഴായിരത്തി 300 തീർത്ഥാടകരടങ്ങുന്ന സംഘം ജമ്മുവിലെ ഭഗവതി നഗർ ബെയ്സ് ക്യാംപിൽ നിന്ന് ഇന്ന് പുലർച്ചെ യാത്ര തിരിച്ചു. ഇന്നലെ ഏകദേശം 17 ആയിരത്തിനടുത്ത് തീർത്ഥാടകർ കൂടി അമർനാഥ് ദർശനത്തിനെത്തിയതോടെ ഈ വർഷം തീർത്ഥാടനം നടത്തിയവരുടെ എണ്ണം ഒരുലക്ഷത്തി 28 ,000 ആയി.

**********

## SENSEX – GOLD

രാജ്യത്തെ ഓഹരി വിപണികൾ നഷ്ടത്തിൽ വ്യാപാരം തുടരുന്നു. സെൻസെക്സ് 362 പോയിൻറ് നഷ്ടത്തിൽ 83,174 ലും നിഫ്റ്റി 114 പോയിന്റ് കുറഞ്ഞ് 25,362 ലും വ്യാപാരം തുടരുകയാണ് . സ്വർണവില കൂടി. പവന് 160 രൂപ വർദ്ധിച്ച് 72,160 രൂപയും ഗ്രാമിന് 9020 രൂപയുമാണ് ഇന്ന് വില

**********

## RAIN

കേരളത്തിൽ ചില സ്ഥലങ്ങളിൽ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 12 വരെ കർണാടക തീരത്ത് നിന്ന് മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

**********

**********

*******